# MAR IVANIOS COLLEGE (AUTONOMOUS)
# THIRUVANANTHAPURAM

**Reg. No. :…………………** **Name :………………….**

**First Semester B.A. / B.Sc. Degree Examination, November 2014**

**First Degree Programme under CBCSS**

**Additional Language: Malayalam – I**

**AUML111.1 / AUML111.2: Kavithapatham**

Time: **3** Hours Max. Marks: **80**

## SECTION – A

*എല്ലാ ചോദ്യത്തിനും ഒരു വാക്കിലോ രണ്ടു വാക്യത്തിൽ കവിയാതെയോ ഉത്തരമെഴുതുക.*

1. ‘പുതുമലയാണ്മതൻ മഹേശ്വരൻ’ എന്നു വിശേഷിപ്പിക്കുന്ന കവി ?
2. വടക്കൻ പാട്ടുകളെ ‘വീരചരിതം’ എന്ന് വിശേഷിപ്പിച്ചതാര് ?
3. ഇടപ്പള്ളിക്കവികൾ എന്ന് അറിയപ്പെടുന്നവർ ?
4. ‘സ്ഫടികക്കുപ്പിയിലിട്ട പരൽമീൻപോലെ’ കാണപ്പെട്ടതെന്താണ് ?
5. ‘കാച്ചിക്കുറുക്കിയ കവിത’എന്ന് വിശേഷിപ്പിക്കുന്നത് ആരുടെ കവിതയെയാണ് ?
6. ‘വാളല്ലെൻ സമരായുധം’ എന്നു പാടിയ കവി ?
7. ‘കിഴക്കൻ മല കടന്നിന്നലെത്തീരഭൂവിൽ’ എത്തിയതാരാണ് ?
8. ഉർവ്വശി വാസന്തീലതയായി പരിണമിച്ചത് ഏതു വനത്തിൽവെച്ചാണ് ?
9. മലയാളകവിതയിൽ മോഡേണിസം ശക്തമായ അന്തർധാരയായി കടന്നുവന്നത് ആരുടെ കവിതയിലൂടെയാണ് ? കവിതയേത് ?
10. ബാലചന്ദ്രൻ ചുള്ളിക്കാടിന്റെ അനുഭവക്കുറിപ്പുകളുടെ സമാഹാരത്തിന്റെ പേരെന്ത് ?

**(10 x 1 = 10 Marks)**

P.T.O.

## SECTION – B

*ഒരു ഖണ്ഡികയിൽ കവിയാതെ ഏതെങ്കിലും **എട്ടു** ചോദ്യത്തിന് ഉത്തരമെഴുതുക.*

11. 'അറിയാതെ ചെയ്തൊരു തെറ്റുമാണെ
    അറിവുള്ളാ നിങ്ങൾ പൊറുക്കവേണം' – ആരുടെ വാക്കുകൾ ? തെറ്റെന്ത് ?
12. ''വിശപ്പിന്നു വിഭവങ്ങൾ വെറുപ്പോളമശിച്ചാലും
    വിശിഷ്ടഭോജ്യങ്ങൾ കാൺകിൽ കൊതിയാമാർക്കും'' – സന്ദർഭവും ആശയവും വിശദീകരിക്കുക.
13. ''ഉയിരിൻ കൊലക്കുടുക്കാക്കാവും കയറിനെ –
    യുഴിഞ്ഞാലാക്കിത്തീർക്കാൻ കഴിഞ്ഞതല്ലേ ജയം''? –
    കവി ഇങ്ങനെ അഭിപ്രായപ്പെടുന്നതെന്തുകൊണ്ട് ?
14. 'എന്നെ വിസ്മൃതനാക്കുന്നു
    മേഘമേ നിൻ മഹാശയം' – കവിയെ വിസ്മയിപ്പിക്കുന്ന ചിത്രമെന്ത് ?
15. കവി തന്റെ വല്മീകത്തിൽ ധ്യാനലീനനായിരുന്നത് എന്തിനുവേണ്ടിയാണ് ?
16. സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള പോരാട്ടത്തിൽ ബലിയർപ്പിക്കപ്പെട്ട ധീരാത്മാക്കൾക്കുള്ള അഞ്ജലിയാണ് 'അഗ്നിശലഭങ്ങൾ' എന്ന കവിത – വിശദമാക്കുക.
17. 'ശ്യാമസുന്ദര, മൃത്യുവും നിന്റെ
    നാമമാണെന്നു ഞാനറിയുന്നേൻ' – ആശയം വ്യക്തമാക്കുക.
18. 'സന്ദർശനം' എന്ന കവിതയിലെ കാമുകൻ എപ്പോഴാണ് ശുദ്ധനാകുന്നത് ?
19. 'രണ്ടു ശിൽപങ്ങൾ' എന്ന കവിതയിലെ പാരിസ്ഥിതികാവബോധവും ഇടശ്ശേരിയുടെ കവിതയുമായുള്ള സമാനതയും ചൂണ്ടിക്കാണിക്കുക.
20. 'അമ്മത്തൊട്ടിൽ' എന്ന കവിതയുടെ അന്തർഭാവം വിലയിരുത്തുക.
21. 'പാർത്ഥസാരഥീവർണ്ണനം' സ്വന്തം വാക്കുകളിൽ വിവരിക്കുക.
22. ചങ്ങമ്പുഴയുടെ കാവ്യനർത്തകിയുടെ വാങ്മയചിത്രം അവതരിപ്പിക്കുക.

**(8 x 2 = 16 Marks)**

## SECTION – C

***120** വാക്കിൽ കവിയാതെ ഏതെങ്കിലും **ആറു** ചോദ്യത്തിന് ഉത്തരമെഴുതുക.*

23. 'കറുത്തചെട്ടിച്ചികൾ' എന്ന കവിതയുടെ ബാഹ്യവും ആഭ്യന്തരവുമായ അർത്ഥ വിവക്ഷകൾ വിവരിക്കുക.
24. നാടൻ പാട്ടുകൾ ജനകീയ കവിതയുടെ അടിവേരുകളാണ് – നിരൂപിക്കുക.

25. 'നിത്യമേഘം' എന്ന കവിതയിൽ കാളിദാസകവിതയുടെ ഭാവസൗന്ദര്യം കവി കണ്ടെത്തുന്നതെങ്ങനെ ?
26. തന്റെ നിലപാടുകളെ കാര്യകാരണസഹിതം സാധൂകരിക്കാൻവേണ്ടി വയലാറെഴുതിയ കവിതയാണ് 'എന്റെ ദന്തഗോപുരത്തിലേയ്ക്ക് ഒരു ക്ഷണക്കത്ത്' എന്നത് – ഈ അഭിപ്രായം വിലയിരുത്തുക.
27. 'പുരൂരവസ്സ്' എന്ന കവിതയിലെ 'മൺകുടീരം' എന്ന ഖണ്ഡത്തിൽ കവി ആവിഷ്കരിക്കുന്നതെന്ത് ?
28. കുമാരനാശാൻ അവതരിപ്പിക്കുന്ന വാസവദത്തയുടെ ദൃശ്യചാരുത വിശദീകരിക്കുക.
29. ഭക്തന്റെ വിധേയത്വമല്ല, മാന്ത്രികന്റെ ആജ്ഞാശക്തിയാണ് 'കിരാതവൃത്തത്തിൽ' കാണുന്നത് – തെളിയിക്കുക.
30. 'അഭിസാരിക' എന്ന കവിതയെ മുൻനിറുത്തി സുഗതകുമാരിയുടെ പ്രേമസങ്കൽപ്പം വ്യക്തമാക്കുക.
31. ചങ്ങമ്പുഴക്കവിതകളിലെ കാല്പനികത വിശദമാക്കുക.

**(6 x 4 = 24 Marks)**

## SECTION – D

***നാലു പുറത്തിൽ*** *കവിയാതെ ഏതെങ്കിലും* ***രണ്ടു*** *ചോദ്യത്തിന് ഉത്തരമെഴുതുക.*

32. പ്രണയം എന്ന വികാരം വൈലോപ്പിള്ളിയുടെയും ബാലചന്ദ്രൻ ചുള്ളിക്കാടിന്റെയും കവിതകളിൽ എപ്രകാരം ആവിഷ്കൃതമാകുന്നുവെന്ന് വിശകലനം ചെയ്യുക.
33. ആദ്യന്തം മനുഷ്യസ്നേഹത്തിന്റെയും സ്വാതന്ത്ര്യത്തിന്റെയും ഗാഥകളാണ് വയലാറിന്റെയും ഒ.എൻ.വി.യുടെയും കവിതകൾ – പാഠഭാഗങ്ങളെ മുൻനിറുത്തി നിരൂപിക്കുക.
34. കടമ്മനിട്ടയുടെ മനുഷ്യസങ്കൽപ്പം 'കിരാതവൃത്ത'ത്തെ ആസ്പദമാക്കി വിലയിരുത്തുക.
35. കാളിദാസകവിതയുടെ മഹിമാതിശയം 'നിത്യമേഘം' എന്ന കവിതയിലൂടെ അക്കിത്തം ആവിഷ്കരിക്കുന്നതെങ്ങനെയെന്ന് പ്രതിപാദിക്കുക.

**(2 x 15 = 30 Marks)**

∫*∫*∫*∫*∫*∫*∫*∫*∫*∫*∫*∫*∫*∫*∫*